കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

भारतीय मानक ब्यूरो IS 15700 BUREAU OF INDIAN STANDARDS SQMS
An IS 15700 : 2005 Certified Department

നമ്പർ ജി1- 8801/2017/സി.ഇ.ഐ.

തീയതി : 08/04/2022

# ലേലപരസ്യം

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അധീനതയിലുള്ളതും ഇലക്ടിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് ഉപയോഗ യോഗ്യമല്ലാത്തതുമായ താഴെപ്പറയുന്ന വാഹനം **20.04.2022** തീയതിയിൽ പകൽ 11 മണിയ്ക്ക് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ വെച്ച് കോവിഡ്-19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ച്കൊണ്ട് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം (രൂപയിൽ) | അടങ്കൽ തുക (രൂപയിൽ) |
|---|---|---|---|---|---|
| 1. | KL 01 AM 4623 | റ്റാറ്റാ ഇൻഡിഗോ | 2006 | 550/- | 12,000/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യസമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ചു രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ലേലം ചെയ്യപ്പെടുന്ന വാഹനം ലേലത്തിന് മുൻപുള്ള പതിനഞ്ച് പ്രവർത്തി ദിവസങ്ങളിൽ രാവിലെ പത്ത് മണിയ്ക്കും വൈകിട്ട് അഞ്ച് മണിയ്ക്കും ഇടയിൽ, തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ മുൻകൂർ അനുമതിയോടുകൂടി നേരിട്ട് പരിശോധിക്കാവുന്നതാണ്.

ടി വാഹനത്തിന്റെ വിൽപ്പനയ്ക്ക് ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ **19.04.2022** തീയതി വൈകുന്നേരം 4 മണിയ്ക്ക് മുൻപായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ദർഘാസിനൊപ്പം വാഹനത്തിന് നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിന് മുകളിൽ വാഹനത്തിന്റെ നമ്പരോടുകൂടി "വാഹനലേലത്തിനുള്ള ടെണ്ടർ" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെൻണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) മുഴുവൻ തുകയുടെയും നിയമാനുസൃതമായ നികുതിയും സെസും എന്നിവ ലേലം കൊണ്ടയാൾ ട്രഷറിയിൽ ഹെഡ് ഓഫ് അക്കൗണ്ട് 0043-00-800-98 –ൽ അടച്ച് രസീത് കൊണ്ടുവരേണ്ടതാണ്. ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കിയുള്ള തുകയും നിയമാനുസൃതമായി അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേലം കൊണ്ട വാഹനം കോമ്പോണ്ടിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹത ഇല്ലാത്തതുമാകുന്നു. ലേലം സംബന്ധിച്ച് (ലേല സമയത്തും അതിന് ശേഷവും) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റിവയ്ക്കുന്നതിനും ലേലം/ദർഘാസ് വില്പന അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിക്ഷിപ്തമാണ്.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ്,
മെക്കാനിക്കൽ സബ് ഡിവിഷൻ,
പി.എം.ജി., തിരുവനന്തപുരം

പകർപ്പ് :

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം/ എറണാകുളം/കോഴിക്കോട്.
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/ കോട്ടയം/ഇടുക്കി/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/വയനാട്/ കണ്ണൂർ/ കാസർഗോഡ്/ എം.റ്റി.എസ്.എൽ